പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *126 12.07.2016 ലെ മറുപടിയ്ക്ക്

## കൃഷി ഉപജീവനമാക്കിയ കർഷകർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ഇ.എസ്.ബിജിമോൾ,<br>ശ്രീ.ഇ.റ്റി. ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷി ഉപജീവനമായി സ്വീകരിച്ചിട്ടുള്ള എത്ര കർഷകർ സംസ്ഥാനത്തുണ്ട് എന്ന കണക്കാക്കിയിട്ടുണ്ടോ ; കൃഷി ഉപേക്ഷിച്ച് പോകുന്ന ഇത്തരം കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ചു നിറുത്തുന്നതിനായി എന്തു പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് ന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ 68,31,000 കൃഷിയിടങ്ങളുള്ളതായി കണക്കാക്കിയിട്ടുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന 18.77 ലക്ഷം കർഷകർ കൃഷി ഭവനുകൾ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏകദേശം 5 ലക്ഷത്തോളം കർഷകരെ ഇനി രജിസ്റ്റർ ചെയ്യാൻ ബാക്കിയുണ്ട്.<br><br>കൃഷി ലാഭകരമാക്കുകയും തദ്വാര കർഷകരെ കാർഷിക രംഗത്ത് നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക വികസനത്തിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതുവഴിയാണ് ഇതു സാദ്ധ്യമാക്കുന്നത്. (പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| (ബി) കർഷകർക്ക് മിനിമം വരുമാനം ഉറപ്പു വരുത്തുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിനും കർഷകർക്ക് മിനിമം വരുമാനം ഉറപ്പുവരുത്തുന്നതിനുമായി പ്രധാനമായും നെൽകൃഷി വികസന പദ്ധതി,പച്ചക്കറി കൃഷി വികസന പദ്ധതി നാളികേര വികസന പദ്ധതി എന്നിവയും കൂടാതെ വിള ആരോഗ്യ പരിപാലന പദ്ധതി, മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതി, ഹൈടെക് അഗ്രികൾച്ചർ പദ്ധതി, ജൈവ കൃഷി വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ,കാർഷിക വിജ്ഞാന വ്യാപന പദ്ധതി, കാർഷിക വിപണികളുടെ വികസനം, വിപണി ഇടപെടലിലൂടെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയൽ, മൂല്യവർദ്ധിത പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന തെങ്ങ് ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കാർഷിക |

ആവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതി, കർഷക പെൻഷൻ പദ്ധതി എന്നീ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളും വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## നെൽകൃഷി വികസന പദ്ധതി.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് ഹെക്ടർ ഒന്നിന് 1500/- രൂപ വിവിധ ഉത്പാദനോപാധികൾക്കുള്ള ധനസഹായമായി നൽകിവരുന്നു. കൂടാതെ ഞവര, പൊക്കാളി, സുഗന്ധ നെല്ലിനങ്ങൾ തുടങ്ങിയ പ്രത്യേകയിനം നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 10000/- നിരക്കിൽ ധനസഹായം നൽകിവരുന്നു. ഇതിനുപുറമേ കേരളത്തിൽ പ്രവർത്തിക്കുന്ന 11 നെല്ല് വികസന ഏജൻസികൾക്കും വികസനപ്രവർത്തനത്തിനുള്ള ധനസഹായം നൽകിവരുന്നു. കൂടാതെ നെൽകൃഷികാർക്ക് ഉത്പാദന ബോണസ്സായി ഹെക്ടർ ഒന്നിന് 1000/- രൂപ നൽകിവരുന്നു.

2016-17 വിരിപ്പ് സീസണിൽ 2560 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി പ്രാവർത്തികമാക്കി വരുന്നു. ഇതിനായി ഹെക്ടർ ഒന്നിന് 10000/- രൂപ ധനസഹായം നൽകുന്നതാണ്.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽ കർഷകർക്ക് ഹെക്ടർ ഒന്നിന് 4500/- രൂപ ധനസഹായം നൽകിവരുന്നു. ഇതുകൂടാതെ തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നവർക്ക് ഹെക്ടർ ഒന്നിന് 7500/- രൂപ ധനസഹായം നൽകി 2000 ഹെക്ടർ തരിശ് നിലങ്ങളിൽ നെൽകൃഷി കൊണ്ടുവരുവാനും ഉദ്ദേശിക്കുന്നു.

## പച്ചക്കറി കൃഷി വികസന പദ്ധതി

സംസ്ഥാനത്ത് പച്ചക്കറിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉൽപ്പാദനം സാധ്യമാക്കുന്നതിനുമായി സമൂഹത്തിലെ എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് പച്ചക്കറി കൃഷി വികസന പദ്ധതി എന്ന ബൃഹത് പദ്ധതി നടപ്പിലാക്കിവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, നഗരങ്ങളിലെ ടെറസുകളിൽ പച്ചക്കറി കൃഷി, സ്കൂളുവളപ്പിലെ പച്ചക്കറി കൃഷി, കർഷക ക്ലസ്റ്റർ മുഖേനയുള്ള വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിയുടെ വിപണനത്തിനായി ബ്ലോക്ക്-തല ഫെഡറേറ്റുകൾ, പരിശീലനങ്ങൾ എന്നിവ പദ്ധതിയുടെ ഘടകങ്ങളാണ്.

## നാളികേര വികസന പദ്ധതി.

500 ഹെക്ടർ സ്ഥലം ഉൾക്കൊള്ളുന്ന കേര കൃഷിയെ അടിസ്ഥാനപ്പെടുത്തി കേര ഗ്രാമങ്ങൾ രൂപീകരിച്ച് കേര കൃഷി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കർഷകരുടെ ക്ലസ്റ്റർ മുഖേനയാണ് ഇത് നടപ്പിലാക്കിവരുന്നത്. വിത്തുമുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഈ പദ്ധതി മുഖേന ധനസഹായം നൽകിവരുന്നു.

## മറ്റു പദ്ധതികൾ

വിത്ത് / തൈയ്യ് വിതരണം മുതൽ വിളവെടുപ്പ് വരെയുള്ള വിവിധ കാർഷിക പ്രവൃർത്തികൾക്ക് ബന്ധപ്പെട്ട പദ്ധതികൾ മുഖേന ധനസഹായം നൽകിവരുന്നു. കൂടാതെ മറ്റുവിളകളായ കുരുമുളക് മറ്റ് സുഗന്ധ വ്യഞ്ജനങ്ങൾ, പയർ, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയുടെ കൃഷി പരിപോഷിപ്പിച്ച് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**വിള ആരോഗ്യ പരിപാലന പദ്ധതിയുടെ** ഭാഗമായി വിളകളിലെ കീടരോഗബാധ മുൻകൂർ മനസ്സിലാക്കി ആവശ്യമായ കരുതൽ നടപടി സ്വീകരിക്കുന്നതിനും ഇവയെ നിയന്ത്രിക്കുന്നതിനും വേണ്ട സാങ്കേതിക സഹായം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലും ജില്ലാതലത്തിലും വിള ആരോഗ്യ ക്ലീനിക്കുകൾ പ്രവർത്തിച്ചുവരുന്നു. കീട നിരീക്ഷണ യൂണിറ്റുകളും വിവിധ

പഞ്ചായത്തുകളിൽ പ്രവർത്തിച്ചുവരുന്നു. ഇതുവഴി കീടരോഗ നിയന്ത്രണത്തിനും കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

**മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതി** അനുസരിച്ച് മണ്ണ് പരിശോധനയിലൂടെ വള പ്രയോഗ ശുപാർശ, കുമ്മായം പോലുള്ള ഘടകങ്ങൾ മണ്ണിൽ ചേർക്കുന്നതിനുള്ള ധനസഹായം ചെയ്തുവരുന്നു.

ആധുനിക കൃഷി രീതികൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിന് ആരംഭിച്ച **ഹൈടെക് അഗ്രികൾച്ചർ പദ്ധതി** വഴി പോളിഹൗസ് നിർമ്മാണം, പ്രിസിഷൻ ഫാമിംഗ് എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നു. കുറഞ്ഞ വിസ്തൃതിയിൽ നിന്നു കൂടുതൽ വരുമാനം ലഭ്യമാക്കുന്ന ഈ പദ്ധതി യുവതലമുറയെ കാർഷികരംഗത്ത് ആകർഷിക്കാൻ സഹായകമായിട്ടുണ്ട്.

കുട്ടനാട്, ഇടുക്കി, വയനാട് തുടങ്ങിയ പ്രത്യേക പ്രദേശങ്ങൾക്ക് പാക്കേജ് പദ്ധതികളും നടപ്പിലാക്കിവരുന്നു.

ജൈവകൃഷി പ്രോൽസാഹനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന **ജൈവ കൃഷി വികസന പദ്ധതി** പ്രകാരം ജൈവ കർഷകർക്ക് ഉൽപ്പാദനം, സർട്ടിഫിക്കേഷൻ, വിപണനം, എന്നിവയ്ക്ക് വേണ്ട സഹായം നൽകിവരുന്നു.

കാർഷിക പ്രവൃത്തികൾ കുറഞ്ഞ സമയം കൊണ്ട് മികച്ച രീതിയിൽ യന്ത്രങ്ങൾ ഉപയോഗിച്ച് നടത്തുന്നതിനും കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും വേണ്ടി രൂപീകരിച്ച **അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ** എന്നിവ കൃഷി പണികൾ ശാസ്ത്രീയ രീതിയിൽ നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് മികച്ച വരുമാനം ഉറപ്പുവരുത്തുന്നു. സംസ്ഥാനത്ത് 65 അഗ്രോസർവ്വീസ് സെന്ററുകളും 200 കാർഷിക കർമ്മസേനകളും കാർഷിക മേഖലയിൽ പ്രവർത്തിച്ച് വരുന്നു.

കാർഷിക മേഖലയിലെ പുത്തൻ അറിവുകൾ കർഷകരിൽ എത്തിക്കുന്നതിന് **കാർഷിക വിജ്ഞാന വ്യാപന പദ്ധതി** ഫലപ്രദമായി നടപ്പിലാക്കിവരുന്നു. പരിശീലന പരിപാടികൾ, മേളകൾ, പ്രദർശന പ്ലോട്ടുകൾ, കൃഷി സ്ഥല പാഠശാലകൾ, പഠനയാത്രകൾ തുടങ്ങിയവയിലൂടെ കർഷകർക്ക് കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ സംബന്ധിച്ച നേരറിവ് ലഭ്യമാക്കുന്നതിനും അത് സ്വന്തം പുരയിടങ്ങളിൽ പ്രാവർത്തികമാക്കി ഉയർന്ന ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും കൈവരിക്കുന്നതിനും സാധിക്കുന്നു.

**കാർഷിക വിപണികളുടെ വികസനം, വിപണി ഇടപെടലിലൂടെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയൽ** എന്നീ പദ്ധതികൾ കാർഷിക വിപണന രംഗം കർഷകർക്ക് അനുകൂലമായ രീതിയിൽ സജീവമാക്കുവാൻ സഹായിക്കുന്നു. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്ത വ്യാപാര കാർഷിക വിപണികൾ മുഖേനയും വിവിധ പ്രാദേശിക വിപണികൾ മുഖേനയും കർഷകരിൽ നിന്ന് കാർഷികോൽപ്പന്നങ്ങൾ സംഭരിച്ച് തുറന്ന ലേലം മുഖേന വിപണനം നടത്തി കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കിവരുന്നു.

കൃഷി ഭവനുകൾ വഴി കിലോയ്ക്ക് 25 രൂപ നൽകി കേരഫെഡ് മുഖേന നടത്തിവരുന്ന പച്ച നാളികേര സംഭരണം, സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നൽകി നടപ്പിലാക്കുന്ന നെല്ല് സംഭരണം എന്നിവ വിപണിയിലെ വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുവാൻ ഏറെ സഹായകമായിട്ടുണ്ട്.

**മൂല്യവർദ്ധിത പദ്ധതി**യുടെ ഭാഗമായി പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ഇതിനായി പ്രോജക്ട് അടിസ്ഥാനത്തിൽ

ധനസഹായം നൽകിവരുന്നു. നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നമായ നീരയുടെ ഉൽപ്പാദനവും വിപണനവും ലക്ഷ്യമാക്കി നീര ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. ഇവ കർഷകർക്ക് കൃഷിയിൽ നിന്നും മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കാൻ സഹായിച്ചിട്ടുണ്ട്.

**സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന തെങ്ങ് ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി** എന്നിവ കുറഞ്ഞ പ്രീമിയം നിരക്കിലൂടെ മെച്ചപ്പെട്ട നഷ്ടപരിഹാരം പ്രകൃതിക്ഷോഭം മൂലം നാശം ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നു.

## കാർഷിക ആവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതി.

കാർഷിക ആവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നവർക്ക് വൈദ്യുതി സൗജന്യമായി നൽകിവരുന്നു. 2016-17 മുതൽ ഈ പദ്ധതിയിൻകീഴിൽ പോളി ഹൗസ് കർഷകരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കർഷക പെൻഷൻ പദ്ധതി.

കൃഷി മുഖ്യവരുമാനമാർഗ്ഗമായി അനുവർത്തിച്ച് 60 വയസ്സ് പൂർത്തിയാക്കിയ എല്ലാ കർഷകർക്കും പദ്ധതി നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 600 രൂപ നിരക്കിൽ കർഷക പെൻഷൻ നൽകിവരുന്നു. നിലവിൽ 3,48,972 കർഷകർക്ക് ഈ പദ്ധതി പ്രകാരം പെൻഷൻ നൽകിവരുന്നു.

ഇപ്രകാരം സമഗ്ര കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുക വഴി കൃഷി ലാഭകരമാക്കി ഈ രംഗത്ത് കർഷകരെ നിലനിർത്തുന്നതിനും അവർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ